കണ്ടെത്തുന്ന മാനസിക പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടി തിരുവനന്തപുരം, ആലപ്പുഴ മെഡിക്കൽ കോളേജുകളിലെ സൈക്യാട്രിസ്റ്റുകളും, ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളും, സൈക്യാട്രിക് സോഷ്യൽ വർക്കർമാരും ബിരുദാനന്തര മെഡിക്കൽ വിദ്യാർത്ഥികളും അടങ്ങുന്ന വിദഗ്ധ സംഘം മേലെലാടിസ്ഥാനത്തിൽ ആഴ്ചതോറും ഈ ഭാഗങ്ങളിൽ എത്തി മരുന്ന് ചികിൽസയും കൗൺസിലിംഗ്, ഗ്രൂപ്പുതെറാപ്പി, സൈക്കോതെറാപ്പി തുടങ്ങിയ ചികിൽസയും ആവശ്യാനുസരണം നൽകി വരുന്നു. പ്രാദേശികാടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിലെ മനോരോഗ ചികിൽസകരും ഇവരുടെ സഹായത്തിനുണ്ട്. സ്ത്രീകളും, കുട്ടികളും, വൃദ്ധജനങ്ങളു മടങ്ങുന്ന ദുർബല വിഭാഗങ്ങൾക്ക് പ്രത്യേക പരിരക്ഷയും നൽകിവരുന്നു.

ദുരന്ത ബാധിതരുടെ സാമൂഹികവും മാനസികവുമായ പുനരധിവാസം പൂർണ്ണമാകുന്നതുവരെ ഈ ശ്രമം തുടരുന്നതാണ്.

എലിപ്പനി, ഡെങ്കിപ്പനി എന്നീ രോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം

179 [1785] *ശ്രീ. തോമസ് ഉണ്ണിയാടൻ :*
" *സ്റ്റീഫൻ ജോർജ് :*
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എലിപ്പനി, ഡെങ്കിപ്പനി എന്നീ രോഗങ്ങൾക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ആരോഗ്യ വകുപ്പ് മുഖേന വിപുലമായ പ്രചരണം സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

എലിപ്പനി, ഡെങ്കിപ്പനി എന്നീ സാംക്രമിക രോഗങ്ങൾ തടയുന്നതിനാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും വളരെ വിപുലമായ തോതിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. മഴക്കാലത്തിന് മുൻപുതന്നെ പ്രതിരോധ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

1. 2005 ഏപ്രിൽ, മേയ് മാസങ്ങളിൽ നടന്ന സീനിയർ ആഫീസേഴ്സ് മീറ്റിംഗുകളിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ തന്നെ നേരിട്ട് ജില്ലാ സംസ്ഥാനതല ഉദ്യോഗസ്ഥൻമാർക്കും, ജില്ലാമെഡിക്കൽ ആഫീസർമാർക്കും ബോധവൽക്കരണ പ്രവർത്തനങ്ങളുൾപ്പെടെയുള്ള എല്ലാ കാര്യങ്ങളെക്കുറിച്ചും വേണ്ട നിർദ്ദേശങ്ങൾ നൽകിയിരുന്നു.

2. അതിൻപ്രകാരം എല്ലാ ജില്ലകളിലും ഗ്രൂപ്പ് ചർച്ചകൾ, ആരോഗ്യ വിദ്യാഭ്യാസ ക്ലാസുകൾ, സെമിനാറുകൾ എന്നിവയും, കൂടാതെ ഫീൽഡ് വിഭാഗ ജീവനക്കാരായ

LIBRARY ARCHIVES Kerala Legislative Assembly

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് നേഴ്സ് മുതലായവർ ഭവന സന്ദർശനം നടത്തി കൊതുകിന്റെ പ്രജനന കേന്ദ്രങ്ങളെ കണ്ടെത്തി നശിപ്പിക്കുന്ന പ്രവർത്തനങ്ങളും നടത്തി വരുന്നു.

3. എല്ലാ ജില്ലകളിലും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും, സന്നദ്ധ സംഘടനകളുടെയും ഇതര വകുപ്പുകളുടെയും സഹകരണത്തോടെ പ്രത്യേക ആരോഗ്യ വിദ്യാഭ്യാസ പരിപാടിയും, പ്രതിരോധ നടപടികളും നടത്തുന്നതിനായി ഇന്റർസെക്ടറൽ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു.

4. ജില്ലകളുടെ ആവശ്യാനുസരണം ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ രോഗങ്ങൾക്കെതിരെയുള്ള ബിറ്റ് നോട്ടീസുകൾ, ലഘുലേഖകൾ എന്നിവ പുറത്തിറക്കിയിട്ടുണ്ട്.

5. ഫണ്ടിന്റെ പരിമിതി പരിഹരിക്കുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാനതല ഇന്റർസെക്ടറൽ മീറ്റിംഗിൽ എല്ലാ വീട്ടിലും ഒരു നോട്ടീസ്/ലഘുലേഖ എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി പബ്ലിക് റിലേഷൻസ് വകുപ്പിനെ ചുമതലപ്പെടുത്തി.

6. സംസ്ഥാനത്ത് ബോധവൽക്കരണം ഊർജിതപ്പെടുത്തുന്നതിന് ദൂരദർശനിലൂടെ ഒരു മണിക്കൂർ ദൈർഘ്യമുള്ള രണ്ട് ചോദ്യോത്തര പരിപാടികൾ ആരോഗ്യ വകുപ്പ് അഡിഷണൽ ഡയറക്ടറും, വിദഗ്ദ്ധ ഡോക്ടർമാരും പങ്കെടുത്ത പരിപാടി അവതരിപ്പിച്ചുവരുന്നു.

7. ഡെങ്കിപ്പനിയെക്കുറിച്ച് ഒരു ഹ്രസ്വമായ സ്പോട്ട് വിവിധ ചാനലുകളിൽ സംപ്രേഷണം ചെയ്യുവാനായി ഉണ്ടാക്കി തുടർ നടപടികൾ എടുത്തു വരുന്നു.

8. സ്കൂൾ തലത്തിൽ പി. റ്റി. എ. സയൻസ് ക്ളാസ്, എൻ. സി. സി., എൻ. എസ്. എസ്. എന്നീ വിഭാഗങ്ങളുടെയും, വിദ്യാഭ്യാസ വകുപ്പിന്റെയും സഹകരണത്തോടുകൂടി എല്ലാ സ്കൂളുകളിലും ബോധവൽക്കരണ പരിപാടികൾ ആരംഭിച്ചു കഴിഞ്ഞു.

9. ആരോഗ്യ വകുപ്പ് പ്രവർത്തകരും എല്ലാ ജില്ലകളിലുള്ള സ്കൂളുകളിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

ആരോഗ്യ വകുപ്പിൽ വിദേശ ധനസഹായത്തോടെയുള്ള പദ്ധതികൾ

180 [1786] *ഡോ. തോമസ് ഐസക്* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ ആരോഗ്യ വകുപ്പിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു; ഈ പദ്ധതികൾ ഓരോന്നിന്റെയും ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly